## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7027** — **02.11.11-ൽ മറുപടിക്ക്**

**ചാലക്കുടി പേരാമ്പ്ര ജംഗ്ഷനിൽ അടിപ്പാത**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) എൻ.എച്ച്.47 (പുതിയ എൻ.എച്ച്.66 നാലുവരിപ്പാതയാക്കിയതിനെ തുടർന്ന് ചാലക്കുടി പേരാമ്പ്ര ജംഗ്ഷനിൽ തുടർച്ചയായി ഉണ്ടാകുന്ന അപകട മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് ഒഴിവാക്കുന്നതിനും, കാൽനട-ക്കാർക്ക് സഞ്ചരിക്കുന്നതിന് അടിപ്പാത നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) ചാലക്കുടിയിൽ (കി.മീ 296/785) ഫ്ളൈഓവർ പണിതീർന്നിട്ടുണ്ട്. ശ്രീ. കെ.പി. ധനപാലൻ എം.പി ചെയർമാനായുള്ള സബ് കമ്മിറ്റി-യുടെ തീരുമാന പ്രകാരം ചാലക്കുടി കോടതി ജംഗ്ഷനിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന അടിപ്പാത മുനിസിപ്പൽ ജംഗ്ഷനി-ലേയ്ക്ക് മാറ്റുകയുണ്ടായി. ആയതിനുള്ള അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാന് കത്തയച്ചിട്ടുണ്ട്. കൂടാതെ പേരാമ്പ്ര പൗരസമിതിയുടെ അപേക്ഷ പ്രകാരം കാൽനടയാത്രക്കാർക്കായി പേരാമ്പ്ര ജംഗ്ഷനിൽ ഒരു അടിപ്പാത നിർമ്മിക്കുന്ന കാര്യം നാഷണൽ ഹൈവേ അതോറിറ്റി പരിഗണിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**